PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1959.

(Second Meeting)

Wednesday, the 27th May 1959

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum at Eight of the Clock on Wednesday, the 27th May 1959, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS

ടൂറിസം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ.

* 1607. [1] ശ്രീ. കെ. ഹസ്സൻ സനി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ടൂറിസം വികസിപ്പിക്കുന്നതിനായി രണ്ടാം പഞ്ചവത്സരപദ്ധതിയുടെ നാലാംവർഷത്തിൽ എത്ര രൂപ്പിക കൊള്ളിച്ചിട്ടുണ്ട്;

(ബി) ഇതിലേക്ക് എന്തെല്ലാം പദ്ധതികളാണ് ഗവണ്മെന്റ് അവിഷ്കരിച്ചിട്ടുള്ളത്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ്):

(എ) നാലുലക്ഷത്തിപതിനായിരം രൂപ.

(ബി) പൊന്മുടിയിൽ ഒരു ടൂറിസ്റ്റ് ഹോട്ടൽ, തിരുവനന്തപുരം, ആലപ്പുഴ, തേക്കടി എന്നീ സ്ഥലങ്ങളിലുള്ള റെസ്റ്റ് ഹൗസ് വികസനം, തിരുവനന്തപുരത്തുള്ള മാസ്സ് ക്യാന്റീൻ ഹോട്ടൽ വികസനം, കോവളത്ത് ഒരു ടൂറിസ്റ്റ് ഹോട്ടൽ എന്നിവയാണ്.

ശ്രീ. കെ. ഹസ്സൻ സനി: ഇടുക്കി പദ്ധതിയോടനുബന്ധിച്ച് അവിടെ ഒരു ടൂറിസ്റ്റ് കേന്ദ്രം പണിയാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. അബ്ദുറഹ്മാൻ മുസ്ലിയാർ : അവിടെ പണി പൂർത്തിയായശേഷം സഞ്ചാരികളെ ആകർഷിക്കുന്നപക്ഷം ആവശ്യമെന്നു തോന്നിയാൽ അതേപ്പറ്റി ആലോചിക്കാം.

ശ്രീ. സി. എ. മാത്യു: ടൂറിസ്റ്റുകൾ കേന്ദ്രങ്ങളിൽ സാധാരണ മുറിങ്ങാറുള്ളതുകൊണ്ടു ഉപകരിക്കത്തക്കവിധത്തിൽ ഏതെങ്കിലും നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി. അബ്ദുറഹ്മാൻ മുസ്ലിയാർ : സ്വീകരിച്ചുവരുന്നുണ്ടു്.

ശ്രീ. സി. എ. മാത്യു: ഇപ്പോൾ തേക്കടിയിൽ പോയാൽ ഒരു ദിവസം 25 രൂപവരെ വേണം. അവിടെ സാധാരണ ജനങ്ങൾക്കുകൂടി താമസിക്കണമെങ്കിൽ ഈ നിലവാരത്തിലാണെങ്കിൽ സാദ്ധ്യമല്ല. ഇടത്തരക്കാർക്കു് അവിടെ ചെന്നാൽ മുടങ്ങിയ തോതിൽ അവിടെ കഴിയാനുള്ള സൗകര്യം സൃഷ്ടിക്കുമോ?

ശ്രീ. ടി. അബ്ദുറഹ്മാൻ മുസ്ലിയാർ : ചെറിയ തോതിലുള്ള കെട്ടിടങ്ങളും മറ്റു സൗകര്യങ്ങളും ഉണ്ടാക്കി സാധാരണക്കാർക്കുകൂടി ഉപയോഗപ്പെടുത്താനുള്ള സൗകര്യം ഉണ്ടാക്കുന്നതിനുവേണ്ടിയാണു് അവിടെ ഇപ്പോൾ ഒരു കെട്ടിടം നിർമ്മിക്കുന്നതു്.

ശ്രീ. ഗോപാലൻകുട്ടി നായർ: നിലവിലുള്ള സ്ഥലങ്ങൾ വികസിപ്പിക്കുന്നതാണെന്നു പറഞ്ഞു. പുതിയ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനെപ്പറ്റി ആലോചനയുണ്ടോ?

ശ്രീ. ടി. അബ്ദുറഹ്മാൻ മുസ്ലിയാർ: ഉണ്ടു്.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: ഇൻഡ്യയിൽ മൊത്തത്തിൽ വരുന്ന ടൂറിസ്റ്റുകളെ സംബന്ധിച്ചിടത്തോളം കുറഞ്ഞ തോതിൽ അവർക്കു് താമസസൗകര്യമുണ്ടാക്കിക്കൊടുക്കുന്നതിനു് അതതു സംസ്ഥാന ഗവണ്മെൻറുകളും ശ്രമിക്കണമെന്നു് രണ്ടാംപഞ്ചവത്സരപദ്ധതിയിൽ പറഞ്ഞിട്ടില്ലേ? അതുപ്രകാരം പ്രത്യേക നടപടി വല്ലതും എടുത്തിട്ടുണ്ടോ?

ശ്രീ. ടി. അബ്ദുറഹ്മാൻ മുസ്ലിയാർ: പദ്ധതികളും മുഴുവനാകുമ്പോൾ സൗകര്യമുണ്ടാകും.

പൊതുജലാശയങ്ങൾ.

*1608. [2] ശ്രീ. എൻ. ശിവൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജനങ്ങൾക്കു് കുടിക്കുന്നതിനും കുളിക്കുന്നതിനും ഉപയോഗിക്കുന്ന പൊതുജലാശയങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിൽ ഗവണ്മെൻറു് കാര്യമായി ശ്രദ്ധിക്കുന്നില്ലെന്നു് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) പൊതുജനങ്ങൾക്കാവശ്യമായ ജലാശയങ്ങൾ സംരക്ഷിക്കുന്നതിനു് ആവശ്യമായ സംരക്ഷണ നടപടികൾ സ്വീകരിക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ഡാക്ടർ എ. ആർ. മേനോൻ) :

(എ) ഉണ്ടു്.

(ബി) സ്വീകരിക്കാം.

ശ്രീ. എൻ. ശിവൻ പിള്ള: എന്തൊക്കെ നടപടികളാണു് സ്വീകരിക്കാൻ പോകുന്നതു് എന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly